**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പ തിരിച്ചടവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി 2021 ജൂൺ 30 വരെ ആകെ എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | 2021 ജൂൺ 30 വരെയുള്ള കാലയളവിൽ വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി 10,124.43 രൂപ ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതിൽ 9,061.90 രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്. |
| (ബി) | കിഫ്ബി വായ്പയുടെ തിരിച്ചടവ് എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ; | (ബി) | ബാങ്ക്/മറ്റു ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ വഴിയുള്ള ലോണുകൾ എല്ലാം തന്നെ 10 മുതൽ 15 വർഷം വരെ കാലാവധിയുള്ള ദീർഘകാല ലോണുകളാണ്. 2017-2019 കാലഘട്ടത്തിൽ സമാഹരിച്ച ബാങ്ക് വായ്പ്പകളുടെ തിരിച്ചടവ് മൊറട്ടോറിയം കാലാവധിയായ 2 വർഷത്തിന് ശേഷം ആരംഭിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബി വായ്പ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കെന്ന് വെളിപ്പെടുത്താമോ; | (സി) | നിലവിലെ എല്ലാ ബാങ്കു വായ്പ്പകളുടെയും മൊറട്ടോറിയം കാലാവധി 2 വർഷമാണ്. എന്നാൽ കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ബോണ്ടുകളുടെ തിരിച്ചടവ്, ബോണ്ട് കാലാവധിയ്ക്ക് ശേഷമാണ് തുടങ്ങുക. നിലവിൽ 3 മുതൽ 6 വർഷകാലയളവിലുള്ള ബോണ്ടുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | കിഫ്ബി എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവ് 2026 ൽ എത്ര തുക ആണെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | 2021 ജൂൺ 30 വരെയുള്ള വായ്പകളുടെ കണക്കുകൾ പ്രകാരം 2026 സാമ്പത്തിക വർഷത്തിൽ ഏകദേശം 852.02 കോടി രൂപ വിവിധ വായ്പകളിലേക്കായി തിരിച്ചടക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Bank/Institution | Total Repayment Amount during FY26 |
|---|---|
| NABARD - I | 56.50 |
| NABARD - II | 61.54 |
| SBI | 125.00 |
| Indian Bank- I | 50.40 |
| Indian Bank- II | 20.16 |
| Union Bank of India | 62.50 |
| Syndicate Bank | 20.00 |
| Corporation Bank | 25.00 |
| Bank of Baroda | 93.75 |
| REC Ltd | 300.00 |
| KSFE Bonds | 37.17 |
| **Total** | **852.02** |

സെക്ഷൻ ഓഫീസർ